# കേരളം—
# അന്യരാജ്യങ്ങളിലെ പ്രതികരണങ്ങൾ

[വി. കെ. കഞ്ഞനന്തൻ]

അന്യദേശങ്ങളിൽ ജോലി അന്വേഷിച്ചു പോകുന്ന മലയാളികൾ "മദ്രാസി" എന്നാണ് വിളിക്കപ്പെട്ടിരുന്നതു്. മലയാളികൾക്കു ഒരു പ്രാത്യക ജന്മഭൂമിയുണ്ടെന്നു വിദേശികളിൽപലരും ധരിച്ചിരുന്നില്ല. മലയാളികൾ ഇന്ത്യയിലെ ഒരു പ്രത്യേക ദേശീയ ജനവിഭാഗമാണെന്നും, അവരുടെ സംസ്ഥാനമാണ് കേരളമെന്നും രാഷ്ട്രീയ കാര്യങ്ങളിൽ പരിജ്ഞാനമുള്ളവർമാത്രമേ മനസ്സിലാക്കിയിരുന്നുള്ളു.

ഈ സ്ഥിതി ഇന്നു മാറിയിട്ടുണ്ടു്. ഐക്യകേരളത്തിൽ രൂപീകൃതമായ കമ്യൂണിസ്റ്റ്മന്ത്രിസഭയും, ഇന്ത്യൻ പൊതുതിരഞ്ഞെടുപ്പിൽ കമ്യൂണിസ്റ്റ്പാർട്ടിക്കുണ്ടായ വമ്പിച്ച നേട്ടങ്ങളും, കേരളത്തെ ലോകത്തിന്റെ സജീവശ്രദ്ധയിലേക്കുയർത്തിയിരിക്കുന്നു. 'കേരളം' എന്നു കേട്ടാൽ, അതു കമ്യൂണിസ്റ്റ്കാർ ഭരിക്കുന്ന ഇന്ത്യൻസംസ്ഥാനമാണ് എന്നു ലോകത്തിലെ പത്രവായനക്കാർക്കെല്ലാം ഇന്നറിയാം.

സ്കോട്ട്ലണ്ട് മുതൽ ന്യൂസിലണ്ട് വരെയുള്ള എല്ലാ രാജ്യങ്ങളിലേയും പത്രങ്ങളിൽ കേരളം വെണ്ടക്കാ തലക്കെട്ടിൽ സ്ഥലം പിടിച്ചിരിക്കുന്നു. ലോകത്തിലെ ഒന്നാമത്തെ ജനാധിപത്യ കമ്യൂണിസ്റ്റ് ഗവർമ്മെണ്ടാണ് കേരളത്തിൽ രൂപീകരിക്കപ്പെട്ടിരിക്കുന്നതെന്നു ചിലർ; നെഹ്റുവിന്റെ വിരിമാറിൽ കത്തിയ ചുകപ്പു കഠാരിയാണതെന്നു മററുചിലർ—ഇങ്ങിനെ മുതലാളിത്ത ലോകത്തിലെ പത്രാധിപന്മാർ നാനാതരം അഭിപ്രായങ്ങൾ പ്രകടിപ്പിച്ചു. ഇന്ത്യയിൽ ഒരു "പ്രാദേശിക" കമ്യൂണിസ്റ്റ്ഗവർമ്മെണ്ടു രൂപീകൃതമായെന്നു, നിസ്സാരമട്ടിൽ ഒരു ചെറുവാർത്ത പ്രസിദ്ധീകരിച്ച ഒരു ബ്രിട്ടീഷ്പത്രം, ഒരാഴ്ചക്കുള്ളിൽ അതിന്റെ മുൻപേജിൽതന്നെ മുഖ്യമന്ത്രിയുടെ നയപ്രഖ്യാപനം പ്രസിദ്ധീകരിച്ചു തെററു തിരുത്തി.

## തിരഞ്ഞെടുപ്പിനുമുമ്പ്

ചരിത്രപ്രധാനമായ ഇക്കഴിഞ്ഞ പൊതുതിരഞ്ഞെടുപ്പിന്നു കുറച്ചു നാൾമുമ്പ "ന്യൂയോർക്ക്ടൈംസ്," "ലണ്ടൻടൈംസ്" തുടങ്ങിയ മുതലാളിത്ത പത്രങ്ങളിൽ, ഇന്ത്യൻ കമ്യൂണിസ്റ്റ്പാർട്ടിയുടെ "ശോചനീയ"നിലയെപ്പററിയുള്ള ധാരാളം വാർത്തകൾ പ്രസിദ്ധീകരിക്കപ്പെട്ടിരുന്നു. തിരഞ്ഞെടുപ്പിൽ കമ്യൂണിസ്റ്റ്പാർട്ടി "തോററു തൊപ്പിയിട്ടു"മെന്നും അങ്ങിനെ ഇന്ത്യയിൽ "കമ്യൂണിസം ചത്തു മണ്ണടിയു"മെന്നും ഈ പത്രങ്ങൾ ആവർത്തിച്ചു പറഞ്ഞു.

തിരഞ്ഞെടുപ്പുകാലത്തു "ന്യൂയോർക്ക്ടൈംസി"ന്റെ ഇന്ത്യൻ ലേഖകനായ സൾഡ്ബർഗ്ഗ്, ബോമ്പയിൽനിന്നും മാർച്ച് 10-ാംനു- അയച്ച ഒരു റിപ്പോർട്ടിൽ ഇന്ത്യൻ കമ്യൂണിസ്റ്റ്പാർട്ടി "തികച്ചും നിഷ്ഫലമായ ഒരു തെരഞ്ഞെടുപ്പു സംരംഭത്തിന്റെ അവസാനഘട്ടത്തിൽ" എത്തിയിരിക്കുകയാണെന്നും, ഇതിനുകാരണം "നെഹ്റുവിന്നു മോസ്കോവും പെക്കിങ്ങും നൽകിയ അംഗീകരണ"മാണെന്നും പറഞ്ഞിരുന്നു.

ലോകകമ്യൂണിസ്റ്റ്പ്രസ്ഥാനത്തിന്റെ നേതാക്കന്മാർ നെഹ്റുവിന്റെ നല്ല നയപരിപാടികൾക്കു നൽകിയ അഭിനന്ദനം, ഇന്ത്യൻ കമ്യൂണിസ്റ്റ്പാർട്ടിക്കെതിരായ ഒരു തുരുപ്പുചീട്ടാക്കി ഉപയോഗിക്കാമെന്നു കോൺഗ്രസ് നേതാക്കന്മാരോടൊപ്പംതന്നെ വിദേശീയ മുതലാളിവർഗ്ഗത്തിന്റെ രാഷ്ട്രീയ ജിഹ്വകളും വിശ്വസിച്ചുപോന്നു.

## തിരിച്ചടി

പക്ഷെ തിരഞ്ഞെടുപ്പുകഴിഞ്ഞു് ഫലം അറിഞ്ഞപ്പോൾ അവരെല്ലാം സ്തംഭിച്ചുപോയി. ഇന്ത്യക്കാർ വോട്ടുരേഖപ്പെടുത്തിയതു, സ്വന്തംനാട്ടിലെ രാഷ്ട്രീയ സാമ്പത്തിക പരിതഃസ്ഥിതികളുടെ അടിസ്ഥാനത്തിൽ, സ്വന്തം അനുഭവങ്ങളുടെ വെളിച്ചത്തിൽ, ആണെന്നു് അവർക്കു മനസ്സിലായി.

"ലണ്ടൻടൈംസ്" മാർച്ച് 28-ാംനു- ഇങ്ങിനെഎഴുതി: "ഇന്ത്യയിൽ എല്ലാ സംസ്ഥാനങ്ങളിലും ഒരുപോലെ കമ്യൂണിസ്റ്റ്കാരുടെ ശക്തി ഉൽക്കണ്ഠാവഹമാംവിധം വളർന്നുകഴിഞ്ഞിട്ടില്ലെങ്കിലും, കേരളത്തിൽമാത്രമെ അവർക്കിപ്പോൾ ഒരു ഗവർമ്മെണ്ടു രൂപീകരിക്കാൻ കഴിയുകയുള്ളു എങ്കിലും, ഒരു കാര്യം ഇപ്പോൾതന്നെ സ്പഷ്ടമായി തെളിഞ്ഞുകഴിഞ്ഞിരിക്കുന്നു: "റഷ്യയും ചൈനയുമായുള്ള കോൺഗ്രസ്സിന്റെ ശൃംഗരിക്കൽ, ഇന്ത്യൻ കമ്യൂണിസ്റ്റ്കളെ വില കെടുത്തുവാനല്ല, നേരെമറിച്ച് കൂടുതൽ ബഹുമാന്യരാക്കുവാൻമാത്രമാണ് ഉപകരിച്ചതു്."

"തികച്ചും നിഷ്ഫലമായ തിരഞ്ഞെടുപ്പു സംരഭത്തിൽ" ഏർപ്പെട്ടിരിക്കുന്ന കമ്യൂണിസ്റ്റ്പാർട്ടി ചത്തു മണ്ണടിയുമെന്നു മാർച്ച് 10-ാം തീയതി പ്രവചിച്ച "ന്യൂയോർക്കടൈംസ്" മാർച്ച് 17-ാംനു- ഇപ്രകാരം എഴുതുവാൻ നിർബന്ധിതമായി: "അങ്ങിനെ, കോൺഗ്രസ്സ് നേതാക്കന്മാർ ദീർഘദർശനം ചെയ്തപോലെ ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടി, നിലംപററി ചത്തുമണ്ണടിയുവാൻ കൂട്ടാക്കിയില്ല." അതിനുപകരം കമ്യൂണിസ്റ്റ് പാർട്ടി കേരളത്തിൽ ഒരു ഗവർമ്മെണ്ടു രൂപീകരിക്കുകയാണു ചെയ്തതു്; ഇന്ത്യയിൽ കമ്യൂണിസ്റ്റ്പാർട്ടിയുടെ കൊടിക്കൂറ വളരെ ഉയരത്തിൽ പറക്കുകയാണ് ചെയ്തതു്. ലോകം മുഴുവൻ അതു കണ്ടു. ചിലർ ചിരിച്ചു, ചിലർ കരഞ്ഞു, ചിലർ പല്ലുകടിച്ചു. "മഞ്ചസ്റ്റർഗാർഡിയ"ന്റെ ഡൽഹി പ്രതിനിധിയായ ശ്രീമതി തായാ ഡിൻക'ൻ തലപുകഞ്ഞാലോചിച്ചു; "ഇതെങ്ങിനെപററി"? കാരണം കണ്ടുപിടിച്ചു എന്ന ഭാവത്തിൽ അവർ എഴുതി: "കേരളം ജനനിബിഡമാണ്. അഭ്യസ്തവിദ്യരാണ് മലയാളികൾ. അവിടെ വ്യവസായമില്ല. പകുതിയിലധികംപേർക്കും ഭൂമിയില്ല.... കശുവണ്ടിവ്യവസായത്തിൽ തൊഴിലാളികളും മുതലാളികളുംതമ്മിൽ എപ്പോഴും വഴക്കാണ്.....ഇതു കമ്യൂണിസ്റ്റ്കാർ ചൂഷണംചെയ്തു.... അവസാനത്തെ കോൺഗ്രസ്സ് മുഖ്യമന്ത്രിയായിരുന്ന ഗോവിന്ദമേനോനെപ്പററി പരക്കെ പല സംശയങ്ങളുമുണ്ടായിരുന്നു ....കോൺഗ്രസ്സിന്നുവോട്ടു കൊടുത്തതു അധികവും കത്തോലിക്കരാണ്. താഴ്ന്ന ജാതിക്കാരായ ഈഴവർ കമ്യൂണിസ്റ്റുകളാണ്....സിറിയൻ ക്രസ്ത്യാനികളും നായന്മാരുംതമ്മിൽ വലിയ വഴക്കാണ്....തമിഴ്പ്രദേശത്തെ വോട്ടുകൾ കോൺഗ്രസ്സിന്നു നഷ്ടപ്പെട്ടിരിക്കുകയാണല്ലൊ. കമ്യൂണിസ്റ്റ്കാരാണെങ്കിൽ ഇത്തവണ സ്വന്തം കാലിൽ ഉറച്ചുനിന്നാണു പോരാടിയതു്....എങ്കിലും കോൺഗ്രസ്സിന്റെ സ്ഥിതി മോശമല്ല. അവരുടെ ശതമാനം അല്പം കൂടിയിട്ടുണ്ടു്:" (മാഞ്ചസ്റ്റർ ഗാർഡിയൻ,

26-3-57)

## അവരുടെ ഭീതി

അമേരിക്കയിലെ "സെൻറ് ലൂയിസ് പോസ്റ്റ്" മാർച്ച് 23-ാംനുയിലെ മുഖപ്രസംഗത്തിൽ ഇങ്ങനെ എഴുതി: "കമ്മ്യൂണിസ്റ്റ്കാർ അപ്രതീക്ഷിതമായ ശക്തി ആർജ്ജിച്ചിരിക്കുന്നു; കേരളത്തിൽ ചുകപ്പന്മാവികളുടെ പിൻതുണയോടുകൂടി അവർ നിയമസഭ പിടിച്ചടക്കി. ഇന്ത്യയിൽ നടന്ന രണ്ടു പൊതുതിരഞ്ഞെടുപ്പുകളിൽ കോൺഗ്രസ് പാർട്ടിക്കു നേരിട്ട പരാജയങ്ങളിൽവെച്ച് ഏററവും വലിയ പരാജയമാണിതു്. ഇന്ത്യയിലെ ഏതെങ്കിലുമൊരു സംസ്ഥാനത്തു് കമ്മ്യൂണിസ്റ്റ്കാർക്കു് ഒരു ഗവർമ്മെണ്ടു രൂപീകരിക്കാൻ സാധിക്കുന്നതു് ആദ്യമായി ഇവിടെയാണ്. ഇതു് തീർച്ചയായും നെഹറുവിനെ കുഴപ്പത്തിലാക്കും......... കമ്മ്യൂണിസ്റ്റ്കാരുടെ വിജയം ഒഴിച്ചുനിർത്തിയാൽ ചുരുങ്ങിയ ഭൂരിപക്ഷത്തോടുകൂടിയുള്ള കോൺഗ്രസ്സിന്റെ തിരിച്ചുവരൽ തീർച്ചയായും ജനാധിപത്യത്തിന്റെ വിജയത്തെയാണ് കുറിക്കുക."

ഇന്ത്യൻ തിരഞ്ഞെടുപ്പിന്റെ താല്ക്കാലികവും ദൂരവ്യാപകവുമായ ഫലങ്ങളെ വിശകലനം ചെയ്തുകൊണ്ടു ലണ്ടൻ "ഡെയിലിടെലഗ്രാഫി"ന്റെ പ്രത്യേക ലേഖകനായ ആൻറണി മാൻ എഴുതിയ ഒരു ദീർഘലേഖനം ശ്രദ്ധേയമാണ്. കേരളത്തിലെ പുതിയ പരിതഃസ്ഥിതിക്കു അഖിലേന്ത്യാ പ്രാധാന്യമുണ്ടെന്നു് വിവരിച്ചുകൊണ്ടദ്ദേഹം ഇങ്ങനെ എഴുതി: "നെഹറുവിന്റെ വ്യക്തിപ്രഭാവത്തിലുള്ള നിയന്ത്രണം അവസാനിച്ചാൽ കോൺഗ്രസ് അനേകഘടകങ്ങളായി ഛിന്നഭിന്നമാകും രാജ്യത്തിന്റെ കടിഞ്ഞാൺ കമ്മ്യൂണിസ്റ്റ്കാരുടെ കയ്യിൽ എത്താൻ ഇതു് അവസരമുളവാക്കിയേക്കും." ഇങ്ങനെ ഒരു പേടി തോന്നാൻ അദ്ദേഹത്തിനു കാരണങ്ങളുമുണ്ടു്. "കോൺഗ്രസ്സിനുള്ളിൽ മുതലാളിമാരുണ്ടു്, യഥാസ്ഥിതികഹിന്ദുക്കളും മുസ്ലിംകളുമുണ്ടു്; ബ്രിട്ടീഷ് അനുകൂലികളും ബ്രിട്ടീഷ് വിരോധികളുമുണ്ടു്; പാശ്ചാത്യശക്തികളെ ആരാധിക്കുന്നവരും, കമ്മ്യൂണിസ്റ്റ് ചേരിയെ അനുകൂലിക്കുന്നവരുമുണ്ടു്; പരസ്പരം കണ്ണുമിഴിച്ചു നോക്കാനിഷ്ടപ്പെടാത്ത മററനേകം വർഗ്ഗക്കാരുടെയും മതക്കാരുടെയും ഭാഷക്കാരുടെയും സാമ്പത്തിക രാഷ്ട്രീയഗ്രൂപ്പുകളുടെയും ഒരു അവിയൽ കൂട്ടാണു് കോൺഗ്രസ്. ഈ അസംഖ്യം കഷണങ്ങളെ ഒന്നിച്ചുറപ്പിച്ചു നിർത്തുന്ന സിമൻറാണ് നെഹറു. അദ്ദേഹമാകട്ടെ, ഒരനശ്വരവ്യക്തിയല്ലതാനും." (മാർച്ച് 28)

## അടുത്ത പൊതു തിരഞ്ഞെടുപ്പ്

ഇന്ത്യയുടെ ഭാവി നിർണ്ണയിക്കുന്നതിൽ വരാൻ പോകുന്ന അഞ്ചുവർഷങ്ങൾ വളരെ നിർണ്ണായകങ്ങളാണെന്നദ്ദേഹം എഴുതി. കോൺഗ്രസ്സിന്റെ അധികാരകേന്ദ്രീകരണത്തെ അതിക്രമിച്ചുകൊണ്ടു പ്രതിപക്ഷം ശക്തിപ്രാപിക്കുന്നതായി അദ്ദേഹം കാണുന്നു. തെററിപ്പിരിഞ്ഞുനിൽക്കുന്ന കോൺഗ്രസ്സുകാർ പ്രതിപക്ഷത്തിനു [illegible]ങ്ങാകുമെന്നാശങ്കിക്കുന്നു. കേരളത്തിലെ കമ്മ്യൂണിസ്റ്റ്ഭരണം ഒരു പുതിയ മാർഗ്ഗദർശിയായി പരിണമിക്കുകകൂടി ചെയ്താലത്തെ സ്ഥിതിയെപ്പററിഅദ്ദേഹത്തിനു ഓർക്കാൻപോലുംവയ്യ. ഭാവിയെപ്പററി അദ്ദേഹം ഒരു ചെറിയ ദീർഘദർശനം നടത്തി: "1962-ൽ, കോൺഗ്രസ് അടുത്ത പൊതുതിരഞ്ഞെടുപ്പിനെ നേരിടുമ്പോൾ, നെഹറുവിനു 72 വയസ്സാകും. ഇന്നു മുതല്ക്കന്നുവരെയുള്ള കാലത്തിനിടയിൽ പഞ്ചവത്സരപദ്ധതിയുടെ ജയാപജയങ്ങളും വെളിവാകും. കേന്ദ്രഗവർമ്മെണ്ടിലും സംസ്ഥാനഗവർമ്മെണ്ടുകളിലും അടിക്കടി വർദ്ധിച്ചുവരുന്ന ഇടതുപക്ഷ സമ്മർദ്ദം അതിന്റെ ഫലം കാണിക്കുകയും ചെയ്യും........തുലാസ്സിൽ തൂങ്ങിനിൽക്കുന്ന ഇന്ത്യയുടെ ഇന്നത്തെ വിദേശനയമാകട്ടെ വീണ്ടെടുക്കാൻ പാടില്ലാത്ത വിധം കമ്മ്യൂണിസത്തിന്റെ ഭാഗത്തേയ്ക്കു ചാഞ്ഞേക്കാനും ഇടയുണ്ടു്. ഇതെല്ലാം നേരിടേണ്ടിവരുന്ന നെഹറു, "ഭാവിയെപ്പററി ആർക്കും പ്രവചിച്ചുകൂടാ" എന്ന നിഗമനത്തിലെത്തിച്ചേരുന്നതിൽ ആർക്കാണാശ്ചര്യമുണ്ടാകുക." (ഡെയിലി ടെലഗ്രാഫ്, 29-3-57)

"ലണ്ടൻ ടൈംസി"ന്റെ ഡൽഹി ലേഖകൻ ഇതേ ദിവസം തന്നെ ഒരു തിരഞ്ഞെടുപ്പവലോകനം നടത്തുകയുണ്ടായി: "കോൺഗ്രസ്സിനെതിരായ ഏററവും പ്രബലപ്രതിപക്ഷം കമ്മ്യൂണിസ്റ്റ് പാർട്ടിയാണെന്നു തിരഞ്ഞെടുപ്പു കാണിക്കുന്നു;.......ഒരുപക്ഷേ കമ്മ്യൂണിസ്റ്റ് രാജ്യങ്ങളോടുള്ള ഇന്ത്യയുടെ സൗഹാർദ്ദബന്ധത്തിന്റെ ഫലമായി ഇന്ത്യൻ കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ അന്തസ്സ് വർദ്ധിച്ചിട്ടുള്ളതുകൊണ്ടായിരിക്കാം ഇങ്ങനെ സംഭവിച്ചതു്." ഇതാണദ്ദേഹത്തിന്റെ അഭിപ്രായം.

## "ട്രിബ്യൂണിന്റെ" പ്രത്യാശ

ബ്രിട്ടീഷ് ലേബർ പാർട്ടി നേതാവായ ബവാന്റെ "ട്രിബ്യൂൺ" പത്രം, "ചരിത്രത്തിലാദ്യമായി ഒരു കമ്മ്യൂണിസ്റ്റ് ഗവർമ്മെണ്ടു് തിരഞ്ഞെടുക്കപ്പെട്ടു" എന്നു് നീണ്ട തലക്കെട്ടിൽ കൊടുത്തറിപ്പോർട്ടിൽ കമ്മ്യൂണിസ്റ്റ്‌വിജയം ഡൽഹിയുടെ തലക്കു കിട്ടിയ കനത്ത നേട്ടമാണെന്നഭിപ്രായപ്പെട്ടു.

(29-53-57)

ലോകത്തിന്റെ പല ഭാഗങ്ങളിലുമുള്ള പത്രങ്ങളിൽ കേരളത്തെപ്പററ് പ്രസിദ്ധീകരിച്ചുകാണുന്ന ഭീഷണമായ റിപ്പോർട്ടുകളെ പരാമർശിച്ചുകൊണ്ടു്, "ട്രിബ്യൂണി"ന്റെ ഡൽഹി ലേഖകൻ എഴുതിയതു്, "കേരളം ഇന്ത്യയിലെ യനാൻ ആകുമെന്ന ഭീതി "ബുദ്ധിശൂന്യവും ബാലിശവും" ആണെന്നാണ്. കേരളവും കേന്ദ്രവും തമ്മിലുള്ള ബന്ധത്തെ പരാമർശിച്ചു അദ്ദേഹം ഇങ്ങനെ എഴുതി: "കേന്ദ്രഗവർമ്മെണ്ടിനു കമ്മ്യൂണിസ്റ്റ്കാരോടു നിസ്സഹകരണനയമെടുത്തു അവരെ മറിച്ചിടാൻ നിർവ്വാഹമില്ല........കാരണം, അതു് കമ്മ്യൂണിസ്റ്റ്കാർക്കു് സ്വയം രക്തസാക്ഷികളായി ചമഞ്ഞു, കൂടുതൽ അധികാരം നേടുവാനുള്ള വഴി വെക്കും; കൂടാതെ, തങ്ങളുടെ പരാജയങ്ങൾക്കെല്ലാം കേന്ദ്രത്തിന്റെ എതിർപ്പാണു കാരണമെന്നു അവർ കൊട്ടിഘോഷിക്കുകയുംചെയ്യും. കേരളത്തിൽ ജനാധിപത്യത്തിലൂടെ അധികാരത്തിൽവന്ന കമ്മ്യൂണിസ്റ്റ്കാർക്കു് യഥാർത്ഥ ജനാധിപത്യരീതി പഠിപ്പിച്ചുകൊടുക്കാൻ കഴിഞ്ഞാൽ അവരെ സാർവ്വദേശീയ കമ്മ്യൂണിസത്തിന്റെ പിടിയിൽ നിന്നു വേർപെടുത്താനും കഴിഞ്ഞേക്കും." (മാർച്ച് 29)

## വിദേശനയം മാററണം പോലും

ഇന്ത്യയിൽ കമ്മ്യൂണിസ്റ്റ് വേലിയേററത്തെ തടയണമെങ്കിൽ, ഇതരസംസ്ഥാനങ്ങളും കേരളത്തെപ്പോലെ കമ്മ്യൂണിസ്റ്റ് വലയിൽ ചെന്നു ചാടാതിരിക്കണമെങ്കിൽ, നെഹറുവിന്റെ വിദേശനയം മാററി സാമ്രാജ്യത്വച്ചേരിയോടു കൂടുതൽ അടുത്തുനിൽക്കണം എന്നു, അമേരിക്ക, ബ്രിട്ടൻ, ഫ്രാൻസ്, ന്യൂസിലാണ്ടു് തുടങ്ങിയ ചില മുതലാളിത്തരാജ്യങ്ങളിലെ പത്രങ്ങൾ, നീണ്ടുനീണ്ട മുഖപ്രസംഗങ്ങൾവഴി നെഹറുവിനോടു ശുപാർശി ചെയ്തിരിക്കുന്നു!

"വിദേശ കമ്മ്യൂണിസ്റ്റ്കാരോടു് സഹകരണവും, സ്വദേശത്തിലെ കമ്മ്യൂണിസ്റ്റ്കാരോടു് എതിർപ്പും എന്ന നെഹറുവിന്റെ നയം പരാജയപ്പെട്ടുവരികയാണെ"ന്നാണ്. "ഈവിനിങ്ങ്സ്റ്റാൻറാർഡ്" എന്ന ബ്രിട്ടീഷ് പത്രം മാർച്ച് 29-ാംനു എഴുതിയതു്. നെഹറു മാർഷൽ ബുൾഗാനിനു നൽകിയ വമ്പിച്ച സ്വീകരണത്തെയും, നെഹറുവിന്റെ സോവിയററനുകൂല വിദേശനയത്തെയും പരാമർശിച്ചുകൊണ്ടു പ്രസ്തുത പത്രം പറഞ്ഞു: "സ്വന്തം നാട്ടിലെ കമ്മ്യൂണിസത്തെ എതിർക്കുകയെന്നതു നെഹറുവിനു വിഷമംപിടിച്ച ഒരു കടമയായിത്തീർന്നിരിക്കുന്നു. മററു രാജ്യങ്ങളിലെ കമ്മ്യൂണിസത്തോടു രഞ്ജിപ്പിൽ കഴിയുകയാണെങ്കിൽ സ്വന്തം നാട്ടിലെ കമ്മ്യൂണിസ്റ്റ്കളെ എതിർത്തു പരാജയപ്പെടുത്തുന്ന പണി കൂടുതൽകടുപ്പമേറിയതായിത്തീരും. പരസ്പരവിരുദ്ധങ്ങളായ ഈ രണ്ടു മനോഭാവങ്ങളേയും തന്നിൽ വെച്ചു പൊറുപ്പിക്കാനുള്ള നെഹറുവിന്റെ ശ്രമം ഇന്ത്യയെ നാശത്തിലേക്കു നയിക്കും."

വിദേശനയം മാററിയിട്ടില്ലെങ്കിൽ ഇന്ത്യ നശിക്കും എന്നു "ലണ്ടൻ ടൈംസ്" ഒരു ഭീഷണിയുയർത്തി നോക്കുകയുണ്ടായി. ആ പത്രത്തിന്റെ മുഖപ്രസംഗം [illegible]

...ക്കുക: "അടുത്ത അഞ്ചുവർഷങ്ങളിൽ കമ്മ്യൂണിസ്റ്റ് മുന്നേററത്തെ തടയുകയെന്നതു എളുപ്പമല്ല.....അഞ്ചു കൊല്ലത്തിനുമുമ്പത്തെസ്ഥിതിയുമായൊന്നു തട്ടിച്ചുനോക്കിയാൽ, ഒരു ചേരിയിലും ചേരാത്ത ഇന്ത്യയുടെ നിഷ്പക്ഷ വിദേശനയം, കാഷ്മീർ പ്രശ്നത്തിൽ ഗുരുതരമായ തോൽവിക്കിടയാക്കിയിരിക്കുന്നതായി കാണാൻ കഴിയും....രണ്ടാം പഞ്ചവത്സരപദ്ധതിയാകട്ടെ, വിദേശത്തുനിന്നു സഹായം കിട്ടായ്കകൊണ്ടും നാണയപ്പെരുപ്പംകൊണ്ടും പൊട്ടിത്തകരുന്നു. കമ്മ്യൂണിസത്തിന്നെതിരായി കോൺസ്സിന്നു ഒരു ഫലപ്രദമായ പ്രതിരോധം കെട്ടിപ്പടുക്കണമെങ്കിൽ, മേൽകാണിച്ച ഇരുണ്ട ഭാവി ഓർത്തുകൊണ്ടെങ്കിലും കോൺഗ്രസ്സ് അതിന്റെ നയങ്ങൾ പുനഃപരിശോധന ചെയ്യട്ടെ."

("ടൈംസ്," മാർച്ച് 28)

കാശ്മീർ കാര്യത്തിൽ പാശ്ചാത്യശക്തികൾ ഇന്ത്യക്കെതിരായി പാക്കിസ്ഥാനെ സഹായിക്കുന്നതും, ഇന്ത്യയുടെ പദ്ധതിക്കു വേണ്ടുന്ന സാമ്പത്തികസഹായം നൽകാത്തതും എല്ലാം ഇന്ത്യയുടെ വിദേശനയം സോവിയററ വിരോധപരമല്ലാത്തതുകൊണ്ടാണെന്നും, ഈ നയം മാററിയില്ലെങ്കിൽ ഇന്ത്യയെ മുഴുവൻ കമ്മ്യൂണിസം വിഴുങ്ങിക്കളയുമെന്നുമാണല്ലൊ ഈ ഭീഷണിയുടെ പൊരുൾ.

## "കഷ്ടമായിപ്പോയി"

"ന്യൂയോർക്ക് മിററർ" എന്ന അമേരിക്കൻ പത്രം കേരളത്തെപ്പററി എഴുതിയ ഒരു മുഖപ്രസംഗത്തിൽ ഇന്ത്യയുടെ വിദേശനയംമാററിക്കൊള്ളാൻ നെഹ്റുവിനോടാവശ്യപ്പെട്ടു: "നെഹ്റുവിനെയും കോൺഗ്രസ്സിനെയും കേരളത്തിൽ വെച്ചു തൊലിയൂരി വിട്ടിരിക്കുന്നു. നെഹ്റുവിന്റെ പാർട്ടിയെ കമ്മ്യൂണിസ്റ്റ്കാർ തോല്പിച്ചതു കഷ്ടംതന്നെ. പക്ഷെ, നെഹ്റുവും അദ്ദേഹത്തിന്റെ ഐക്യരാഷ്ട്രപ്രതിനിധി കൃഷ്ണമേനോനും കമ്മ്യൂണിസ്റ്റ്കാരുമായി സദാ സല്ലപിക്കുകയും വിദേശ കമ്മ്യൂണിസ്റ്റുകളുമായി സുഖബന്ധത്തിൽ കഴിയുകയും ചെയ്യുന്നു. നെഹ്റുവിന്റെ കാൽവെപ്പുകൾ സൂക്ഷിച്ചുവേണ്ടിയിരിക്കുന്നു. കാരണം, കമ്മ്യൂണിസ്റ്റ്കാരോടുള്ള തന്റെ അതിയായ സ്നേഹപ്രകടനത്തിൽ നിന്നു അവർ മുതലെടുത്തു തുടങ്ങിയിരിക്കുന്നു.........കേരളം ഒരു നല്ല തുടക്കമാണ്.........നിഷ്പക്ഷത പാലിച്ചാൽ മുതലാവില്ലെന്ന് അദ്ദേഹം ഇനിയെങ്കിലും കണ്ടുപഠിക്കുമായിരിക്കാം" (മാർച്ച് 28).

പാശ്ചാത്യചേരിയിൽ ചേരാനുള്ള ഇത്ര നഗ്നമായ ഒരു ക്ഷണനം, ഐസൻഹോവറുടെ കത്തിന്നുശേഷം ഒരുപക്ഷെ ഇതാദ്യത്തേതായിരിക്കാണം.

## ഹങ്കറി ചിലവായില്ല

"ഇന്ത്യയിലെ വെല്ലുവിളി" എന്ന ശീർഷകത്തിൽ ബ്രിട്ടനിലെ "ന്യൂ സ്റ്റേററ്സ്മാൻ ആന്റ് നേഷൻ" എഴുതിയ മുഖപ്രസംഗം ശ്രദ്ധേയമായ ചില വസ്തുതകൾ ചൂണ്ടിക്കാട്ടുകയുണ്ടായി.

"സൂയസ്സിൽ ബ്രിട്ടനും അമേരിക്കയും കാണിച്ച സാഹസകൃത്യങ്ങൾ ഇന്ത്യയെ പാശ്ചാത്യചേരിയിൽനിന്നു അകററിയിട്ടുണ്ടെങ്കിലും, ഹങ്കറിയിൽ റഷ്യ നടത്തിയ ഇടങ്കോലിടൽ ഏഷ്യയിലെ ഇടതുപക്ഷശക്തികൾക്കിടയിൽ പിളർപ്പുണ്ടാക്കാൻ ഒട്ടും പര്യാപ്തമായില്ലെന്ന് ഇന്ത്യയിലെ ഈ കമ്മ്യൂണിസ്റ്റ്വിജയങ്ങൾ സ്ഥാപിച്ചിരിക്കുന്നു. കേരളത്തിലെ കമ്മ്യൂണിസ്റ്റ്വിജയം ലോകമാകെയുള്ള പത്രങ്ങളിൽ കോളിളക്കമുണ്ടാക്കിയിരിക്കുന്നു. മററു ചില ഇന്ത്യൻ സംസ്ഥാനങ്ങളിൽ കമ്മ്യൂണിസ്റ്റ്–സോഷ്യലിസ്റ്റ് പാർട്ടികൾക്കു കിട്ടിയ ഗണ്യമായ വോട്ടു കോൺഗ്രസ്സിനൊരു താക്കീതാണ്. പ്രബലമായ ഒരു ദേശീയപ്രതിപക്ഷത്തെ കോൺഗ്രസ്സിന്നു ഏറെ താമസിയാതെ നേരിടേണ്ടിവരും" (മാർച്ച് 30)

ഇന്ത്യയിൽ ഒതുങ്ങിനിൽക്കുന്ന കരുത്തേറിയ വിപ്ലവശക്തികളെപ്പററി പ്രസ്തുത പത്രം ഇങ്ങിനെ എഴുതി: "നെഹ്റുവിന്റെ വ്യക്തിപരമായ സ്വാധീനശക്തി ഒന്നുമാത്രമാണ് ഇന്ത്യയിൽ പാശ്ചാത്യകോയ്മകൾക്കെതിരായുള്ള ദേശീയ ശക്തികളെ, മുകൾപരപ്പിലേക്കു പൊന്തിവരാതെ, ഒതുക്കിനിർത്തുന്നതു. ഇതു ബ്രിട്ടീഷ്പത്രങ്ങൾ മനസ്സിലാക്കിയാൽ നന്നു. കേരളത്തിലെ കമ്മ്യൂണിസ്റ്റ് വിജയത്തെപ്പററി അഭിപ്രായങ്ങൾ തട്ടിമൂളിക്കുന്നതു സൂക്ഷിച്ചുവേണം.... ഇന്ത്യയിലെ ഇന്നത്തെ ചുററുപാടിൽ ഭരണഘടനാവിധേയമായി പെരുമാറുകയല്ലാതെ കമ്മ്യൂണിസ്റ്റ്പാർട്ടിക്കു മററു യാതൊരു നിവൃത്തിയുമില്ലായിരിക്കാം. സോഷ്യലിസത്തിലേക്കുള്ള ഓരോ രാജ്യത്തിന്റെയും മാർഗ്ഗം അതാതു രാജ്യക്കാർ സ്വന്തമായിതന്നെ നിർണ്ണയിക്കട്ടെ എന്നു ഇന്ത്യ മോസ്കോവിനെ പഠിപ്പിക്കുകയും ചെയ്തേക്കും."

ഇന്നത്തെ കേരളം വിദേശങ്ങളിൽ പലതരത്തിലുള്ള പ്രതീക്ഷകൾക്കും, ചിലർക്കു ആശങ്കകൾക്കും വഴിയുണ്ടാക്കികൊടുത്തിട്ടുണ്ട്.

കേന്ദ്രഗവർമ്മെണ്ടു ചിലവുചുരുക്കൽ പ്രസ്ഥാനം തുടങ്ങാൻകാരണം കേരളത്തിലെ കമ്മ്യൂണിസ്റ്റ്മന്ത്രിസഭയാണെന്നു "ന്യൂ ടൈംസ് ഓഫ് ബർമ്മ" അഭിപ്രായപ്പെടുന്നു. കമ്മ്യൂണിസ്റ്റ് മന്ത്രിമാർ ചുരുങ്ങിയ ശമ്പളം വാങ്ങി ജീവിക്കുന്നതും മററുംവിവരിച്ചുകൊണ്ട് പ്രസ്തുത പത്രം ഇങ്ങനെ എഴുതി: "ചിലവു ചുരുക്കാൻ കേന്ദ്രം ഇത്ര വേഗം പ്രേരിതമായതു കേരളത്തിലെ കമ്മ്യൂണിസ്റ്റ് ഗവർമ്മെണ്ടിന്റെ മനോഭാവം കൊണ്ടായിരിക്കുമെന്നനുമാനിക്കേണ്ടിയിരിക്കുന്നു. (ആഗസ്റ്റ് 3)"

## ഇന്നു കേരളം, നാളെ ഇന്ത്യ

കമ്മ്യൂണിസ്റ്റ് വിജയം കേരളത്തിൽ മാത്രം അടങ്ങിയൊതുങ്ങി നിൽക്കുകയില്ലെന്ന ഭീതിയാണ് മുതലാളിത്തജിഹ്വകൾ പരത്തിവിടുന്നതു. "മാഞ്ചസ്റ്റർ ഗാർഡിയ"ന്റെ ഇന്ത്യൻ പ്രതിനിധിയായ തായാ സെൻകിൻ "ഇന്ത്യയിലെ പുതിയ മനുഷ്യർ" എന്ന ശീർഷകത്തിൽ ഒരു നീണ്ടലേഖനം എഴുതുകയുണ്ടായി. ഉയർന്ന കോൺഗ്രസ്സനേതാക്കന്മാരുമായും മന്ത്രിമാരും അടുത്ത ബന്ധമുള്ള തായാസെൻകിന്റെ പ്രസ്തുതലേഖനം, കോൺഗ്രസ്സിനകത്തെ പ്രതികരണങ്ങളെ പ്രതിഫലിപ്പിക്കുന്നുണ്ട്:

"മൊത്തത്തിലെടുത്താൽ, കോൺഗ്രസ്സിന്നു, പൊതുവിൽ കിട്ടിയ വിജയത്തിൽ ആഹ്ലാദിക്കുന്നതിനുപകരം ദുഃഖിതരായി കഴിയുകയാണവർ ചെയ്യുന്നതു. ഇതിന്നു രണ്ടു കാരണങ്ങളാണ് തോന്നുന്നു. ചിലപ്രദേശങ്ങളിലെ വോട്ടർമാർ സ്വതന്ത്രന്മാർക്കോ "കററിച്ചൂല്യകൾ"ക്കോ വോട്ടുചെയ്യാതെ, ഗവർമ്മെണ്ടുരൂപീകരിക്കാൻ കഴിവുള്ള ഒരു ഏതുപക്ഷത്തിന്നു വോട്ടുചെയ്യുക എന്ന സ്ഥിതിയെ നേരിടേണ്ടിവന്നിരിക്കുന്നു. ഇന്നു കേരളത്തിൽ ഇതു സംഭവിച്ചുകഴിഞ്ഞു. നാളെ ബോംബെയിലാവാം, പ്രജാസോഷ്യലിസ്റ്റ്കാർ ശക്തിയാർജ്ജിച്ചുവരുന്ന യു. പി. യിലും ബീഹാറിലുമാവാം, അല്ലെങ്കിൽ ഒറീസ്സയിലാവാം. പാർട്ടി മേധാവികളെ സംബന്ധിച്ചേടത്തോളം ഇതൊരു ഇരുണ്ട ഭാവിയുടെ സൂചനയാണ്............"

കേരളത്തിലെ കമ്മ്യൂണിസ്റ്റ് വിജയം രസകരമായൊരു പരീക്ഷണമായിരിക്കുമെന്നു റംഗൂണിലെ "നേഷൻ" എഴുതി.

"കമ്മ്യൂണിസ്റ്റ്കൾ സമർത്ഥന്മാരാണെങ്കിൽ, ഈ അവസരം നഷ്ടപ്പെടുത്താതെ കേരളത്തെ ഒരുകമ്മ്യൂണിസ്റ്റ് പ്രദർശനശാലയാക്കിമാററുകയും ഇന്ത്യയുടെ ഇതരഭാഗങ്ങളിലെ ജനങ്ങളുടെ ശ്രദ്ധയെ ആകർഷിക്കുകയും, പ്രശംസ നേടുകയും ചെയ്യും. പ്രജാസോഷ്യലിസ്റ്റ്കളെ ഗവർമ്മെണ്ടിൽ ചേരാൻ ക്ഷണിച്ചതിൽനിന്നും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ രാഷ്ട്രീയബുദ്ധിശക്തി വെളിവാകുന്നുണ്ട്.... കേരളത്തിലെ കമ്മ്യൂണിസ്റ്റ്വിജയം ഇന്ത്യാഗവർമ്മെണ്ടിന്നു മാത്രമല്ല നമ്മുടെ ഗവർമ്മെണ്ടിനെപോലുള്ള മററു ഗവർമ്മെണ്ടുകൾക്കും ഒരു താക്കീതാണ്...." (മാർച്ച് 26)

ആസ്ട്രേലിയയിലെ "അഡ്വർടൈസർ" മാർച്ച് 27-ാം തീയതി "മറെറാരു കമ്മ്യൂണിസ്റ്റ് രാജ്യം" എന്ന തലക്കെട്ടിൽ ഇങ്ങിനെ എഴുതി:

"കേരളത്തിലെ കമ്മ്യൂണിസ്റ്റ് വിജയം ആ ഓണംകേറാമൂലയിൽ മാത്രം ഒതുങ്ങിനിൽക്കുവാൻ പോകുന്നില്ല........സഖാക്കൾ ഇന്ത്യ മുഴുവൻ തേനീച്ചകളെപ്പോലെ ഓടിനടക്കും........കോടിക്കണക്കിൽ വോട്ടർമാർ അവരുടെ പ്രവർത്തനരംഗമായി മാറും........ഈ ചുകപ്പ് പ്രചാരകന്മാർക്കു ഇന്ത്യയെ നെഹ്റുവിന്നെതിരായി തിരിക്കാൻ സാ

ധീക്കുമെന്നതിന്നു കേരളം വ്യക്തമായൊരു തെളിവായ്ത്തീരുകയും ചെയ്യും."

കേരളത്തിലെ വിജയം ബർമ്മയിലെ കമ്മ്യൂണിസ്റ്റുകാരെ സഹായിക്കുമോ എന്ന ഭീതിയാണ് റങ്കൂണിലെ "ട്രിബ്യൂൺ" പത്രത്തിന്നുള്ളത്. സാമ്രാജ്യത്താനുകൂലിയായ പ്രസ്തുത പത്രം, "കേരളത്തിലെ കമ്മ്യൂണിസ്റ്റ് വിജയവും ബർമ്മയിലെ എതുപക്ഷവും" എന്ന തലക്കെട്ടിൽ ഏപ്രിൽ 5-ാംനു ഇങ്ങിനെ എഴുതി: "ഇന്ത്യയിൽ കോൺഗ്രസ്സോ കമ്മ്യൂണിസ്റ്റോ ആരെങ്കിലും ജയിക്കട്ടെ, ഞങ്ങൾക്കതിൽ ഒന്നുമില്ല. പക്ഷേ, ബർമ്മയിലെ എതുപക്ഷക്കാർ ഇന്ത്യയിലെ കമ്മ്യൂണിസ്റ്റ് വിജയത്തെ പൊക്കിക്കാട്ടി, ബർമ്മയിലെ ഫാസിസ്റ്റ് വിരുദ്ധ ജനകീയ സ്വാതന്ത്ര്യകക്ഷിയെ (ഭരണകക്ഷിയെ) ഇന്ത്യയിലെ കോൺഗ്രസ്സുമായി താരതമ്യപ്പെടുത്തിക്കൊണ്ട് ഈ പാർട്ടിയുടെ തകർച്ചയെപ്പററി പ്രവചനങ്ങൾ നടത്തിത്തുടങ്ങിയിരിക്കുന്നു."

## ദേശസാൽക്കരണത്തെപ്പററി

ഇന്ത്യയിൽ ബിസിനസ്സ് താല്പര്യങ്ങളുള്ള കനേഡിയൻ അലൂമിനിയം കമ്പനിക്കാരുടെയും വ്യവസായികളുടെയും ജിഹ്വയാണ് "മോണ്ട്റിയൽ ഗസററ്". കേരളത്തിൽ മന്ത്രിമാരുടെ ശമ്പളം കുറച്ചതും താഴ്ന്ന ജീവനക്കാരുടെ ശമ്പളം കൂട്ടിയതുംമററും വിവരിച്ചിട്ടു ആ പത്രം എഴുതി: "അതേ അവസരത്തിൽതന്നെ എല്ലാ വിദേശതോട്ടങ്ങളും ദേശവൽക്കരിക്കുകയെന്ന അവരുടെ ഔദ്യോഗിക പരിപാടിമൂലം അവർ ഇന്ത്യയുടെ പഞ്ചവത്സരപദ്ധതിക്കു തുരങ്കംവെക്കാൻ നോക്കുന്നു. ഇന്ത്യയാണെങ്കിൽ വിദേശമൂലധനം ഇറക്കുമതിചെയ്യുകിട്ടുന്നതിന്നുവേണ്ടി കിണഞ്ഞു ശ്രമിക്കുകയാണ്.......കമ്മ്യൂണിസത്തെ എതൃക്കേണ്ടതെങ്ങിനെയെന്നു നെഹ്റുവിന്റെ കോൺഗ്രസ്സ് വിഷമിച്ചു പഠിച്ചു വരികയാണ്. വേഗം പഠിച്ചാൽ വേഗം ഫലിക്കും."

(മെയ് 6)

## ബഡ്ജററിന്നു സ്വാഗതം

കേരള അസംബ്ലിയിൽ കമ്മ്യൂണിസ്റ്റ് ധനകാര്യമന്ത്രി സമർപ്പിച്ച ബഡ്ജററിന്നു ഇന്ത്യയ്ക്കകത്തെന്നപോലെ പുറത്തും പൊതുവിൽ നല്ല സ്വീകരണമാണ് ലഭിച്ചതു.

തോട്ടങ്ങളെ ദേശസാൽക്കരിച്ചില്ലെങ്കിലും കൂടുതൽ നികുതി ചുമത്തി ശ്വാസം മുട്ടിക്കുന്നുവെന്നു മുതലാളിത്തലോകത്തിലെ പത്രക്കാർ പരാതിപ്പെട്ടു.

"ന്യൂയോർക്ക് ടൈംസി"ന്റെ പ്രത്യേകലേഖകൻ ഡൽഹിയിൽനിന്നു ഇങ്ങിനെ എഴുതി: കമ്മ്യൂണിസ്റ്റ് പ്രചരണത്തിലും കൂടുതൽ വിജയം ലഭിക്കുമാറ്, കേരളത്തിലെ പുതിയ നികുതി നിർദ്ദേശങ്ങൾക്കു നല്ല പൊതുജനപിൻബലമുണ്ട്. ഒരു മിച്ചബഡ്ജററ് അവതരിപ്പിച്ചതിൽ ഇവിടത്തെ (ഡൽഹി) ഉദ്യോഗസ്ഥന്മാരും രാജ്യത്തിലെ ജനങ്ങളും കമ്മ്യൂണിസ്റ്റുകാരെ അഭിനന്ദിച്ചിരിക്കുന്നു. ഇന്ത്യയിൽ മററൊരിടത്തും നടപ്പിലാക്കിയിട്ടില്ലാത്ത പുതിയതരം നികുതികളാണ് ഇവിടെ ചുമത്താൻ പോകുന്നതു. ധനകാര്യമന്ത്രി വെളിപ്പെടുത്തിയ നികുതികളിൽ രണ്ടിനങ്ങൾക്കു അനേകം പത്രങ്ങളുടെ പ്രശംസ ലഭിച്ചിരിക്കുന്നു.

(ന്യൂയോർക്ക് ടൈംസ്–ജൂൺ 16)

"മാഞ്ചസ്റ്റർ ഗാർഡിയ"നും എതിരായി എഴുതാൻ വിശേഷിച്ചൊന്നും ഉണ്ടായില്ല: "കേന്ദ്രത്തിന്റെ ഗതിനോക്കി കേരള ഗവർമ്മെണ്ടു കാർഷികസ്വത്തിന്മേൽ ഒരു നികുതി ചുമത്തി.......ഈ നികുതികൾ വിദേശതോട്ടങ്ങളെ എങ്ങിനെ ബാധിക്കുമെന്ന കാര്യം ഇവിടെ സൂക്ഷ്മപരിശോധനയിലിരിക്കുകയാണ്. തോട്ടങ്ങളെ ദേശസാൽക്കരിച്ചാൽ കേന്ദ്രവുമായി ഇടർച്ചയുണ്ടാകുമെന്നതിനാൽ തോട്ടക്കാരുടെമേൽ നികുതിഭാരം വർദ്ധിപ്പിച്ചു ഞെക്കിപ്പിഴിയുകയെന്ന നയമാണ് കമ്മ്യൂണിസ്റ്റുകാർ സ്വീകരിച്ചിരിക്കുന്നതെന്നു എല്ലാവരും വിശ്വസിച്ചുവരുന്നു. തോട്ടങ്ങളെല്ലാം വിററിട്ടു നാടുവിടാൻ തോട്ടക്കാരെ നിർബ്ബന്ധിക്കുക എന്നതാണ് കമ്മ്യൂണിസ്റ്റുകാരുടെ ഉന്നമെന്നു സ്പഷ്ടമാണ്. ഇതു രാജ്യത്തിന്റെ വിദേശനാണ്യവിനിമയത്തേയും വിദേശമൂലധനനിക്ഷേപത്തേയും സാരമായി ബാധിക്കും."

(ജൂൺ 12)

## 'അരക്ഷിതാവസ്ഥ'

ധനവാന്മാരുടെമേൽ അല്പം നികുതി ചുമത്തുകയും കീഴ്ജീവനക്കാർക്കു തെല്ലൊരാശ്വാസം നൽകുകയും ചെയ്തതേയുള്ളു—അപ്പോഴേക്കു വിദേശക്കുത്തകക്കാർ അരക്ഷിതാവസ്ഥയുടെ മുറവിളി തുടങ്ങി. "തൊഴിലാളി വർഗ്ഗത്തിന്നു കൂടുതൽ അധികാരശക്തി; കമ്മ്യൂണിസത്തിൻ കീഴിൽ കേരളത്തിൽ അരക്ഷിതാവസ്ഥ" എന്ന ഒരു ഇരട്ടക്കോളം തലക്കെട്ടിൽ "മാഞ്ചസ്റ്റർ ഗാർഡിയൻ" ഇങ്ങിനെ എഴുതി: "പോലീസ്സുകാർ കോട്ടുവായിട്ടു ചുമ്മാതിരിക്കുമ്പോൾ ചായ–റബ്ബർ തോട്ടങ്ങളിലെ മാനേജർമാർ തടഞ്ഞുവെയ്ക്കപ്പെടുകയും ഭേദ്യം ചെയ്യപ്പെടുകയും ചെയ്യുന്നു........എല്ലാ ഒഴിപ്പിക്കലുകളും കമ്മ്യൂണിസ്റ്റുകാർ നിയമംമൂലം തടഞ്ഞിരിക്കുന്നു.......ഇതു ജന്മിമാരുടെ അധികാരം വെട്ടിക്കുറക്കാൻവേണ്ടിയാണ്. കേരളത്തിന്നു പുറത്തു ഇതു വളരെയധികം കോളിളക്കമുണ്ടാക്കിയിരിക്കുന്നു........ ഉയർന്നനിലവാരത്തിൽ ഒരന്വേഷണം നടത്താൻ കോൺഗ്രസ്സ്നേതൃത്വം ഉത്തരവിട്ടിരിക്കുന്നു. കൃഷ്ണമേനോൻ അങ്ങോട്ടു പോയിരിക്കുന്നു."

വിദ്യാഭ്യാസബിൽ സംബന്ധിച്ച കത്തോലിക്കാപുരോഹിതമേധാവികളുടെ പ്രക്ഷോഭത്തെപ്പററി ലണ്ടൻ "എക്കണോമിസ്റ്റ്" എഴുതിയ കുറിപ്പ് ശ്രദ്ധിക്കേണ്ടതാണ്.

ആഗസ്റ്റ് 26-ാംനുയാണല്ലൊ തിരുവനന്തപുരത്തു പ്രകടനം നടന്നതു. അതിന്നു രണ്ടുദിവസം മുമ്പെതന്നെ (ആഗസ്റ്റ് 24-ാംനു) 'എക്കണോമിസ്റ്റ്' എഴുതി: "കത്തോലിക്കരായ മലയാളികൾക്കിടയിൽ വിദ്യാഭ്യാസബില്ലിന്റെ പ്രത്യാഘാതം വളരെ നിശിതമാണ്. ഈ ആഴ്ചയവസാനത്തിൽ അവിടെ അക്രമങ്ങളും ഏററുമുട്ടലുകളും ഉണ്ടാകാൻ പോകയാണ്."

അക്രമപ്രേരകമായ കുറിപ്പുകൾ നേരത്തെതന്നെ എഴുതി, കേരളത്തിൽ കുഴപ്പമുണ്ടാക്കാൻ ഇവർ പ്രേരണനൽകിവരികയായിരുന്നു. അവരുടെനുണപ്രചരണങ്ങൾ നോക്കുക. "എക്കണോമിസ്റ്റ്" എഴുതി: "ഒരു തോട്ടമുടമസ്ഥനെ കുത്തി വീഴ്ത്തിയിരിക്കുന്നു. കമ്മ്യൂണിസ്റ്റുകളും കത്തോലിക്കരും തമ്മിലുള്ള ഏററുമുട്ടലിൽ നിരവധി ഇന്ത്യക്കാർ കൊല്ലപ്പെട്ടിരിക്കുന്നു."

"കമ്മ്യൂണിസ്റ്റ് ഗവർമ്മെണ്ടും വോട്ടർമാരും തമ്മിലുള്ള ഈ ഒന്നാമത്തെ വമ്പിച്ച ഏററുമുട്ടലിൽ, ആരാണ് ജയിക്കുകയെന്നു നോക്കട്ടെ" എന്നു 'സൺഡേടൈംസി'ന്റെ ലേഖകനായ വില്യം ക്ലാർക്ക് തിരുവനന്തപുരത്തുനിന്നും എഴുതി. പക്ഷെ ഏററുമുട്ടലുണ്ടായില്ല. ജയിച്ചതു ജനങ്ങളും, തോററതു പ്രതിലോമശക്തികളുമാണ്.

## കമ്മ്യൂണിസ്റ്റ് പത്രങ്ങളിൽ

മുതലാളിത്തരാജ്യങ്ങളിലെ കമ്മ്യൂണിസ്റ്റ്പാർട്ടികൾ കേരളത്തിലെ ഈ പുതിയ അനുഭവങ്ങൾ സുസൂക്ഷ്മം പഠിക്കുകയാണ്. കമ്മ്യൂണിസ്റ്റ് മന്ത്രിസഭയെ സംബന്ധിച്ച വാർത്തകൾ എല്ലാ പാർട്ടിപത്രങ്ങളും പ്രാധാന്യം നൽകി പ്രസിദ്ധീകരിക്കുന്നു. ആസ്ത്രേലിയ, അമേരിക്ക, ജപ്പാൻ, ന്യൂസിലാണ്ട്, ഇംഗ്ലണ്ട് എന്നീ രാജ്യങ്ങളിലെ കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ രാഷ്ട്രീയ–താത്വിക വാരികകളിലും മാസികകളിലും, കേരളഗവർമ്മെണ്ടിന്റെ നയപരിപാടികളേയും കമ്മ്യൂണിസ്റ്റ് വിജയത്തെയും പററിയുള്ള ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. സ: എം. എൻ. ഗോവിന്ദൻനായർ, അജയഘോഷ്, ഇ. എം. എസ്. എന്നിവരുടെ, കേരളത്തെപ്പററിയുള്ള ലേഖനങ്ങൾ പല കമ്മ്യൂണിസ്റ്റ് പത്രങ്ങളും പ്രസിദ്ധീകരിക്കുകയുണ്ടായി.

ബൾഗേറിയ, റുമേനിയ തുടങ്ങിയ സോഷ്യലിസ്റ്റ് രാജ്യങ്ങളിലെ കമ്മ്യൂണിസ്റ്റ്പാർട്ടിപത്രങ്ങളിലും കേരളത്തെപ്പററി ധാരാളം വാർത്തകൾ പ്രസിദ്ധീകരിക്കപ്പെടുന്നുണ്ട്. ചൈനയുടെ "ന്യൂ ചൈനാ ന്യൂസ് ഏജൻസി" കേര